പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 3072

15.02.2013 ൽ
മറുപടിക്ക്

# കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട്

| ചോദ്യം<br>ശ്രീ.എ.പ്രദീപ് കുമാർ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര രൂപയാണു ലഭിച്ചതെന്നു വ്യക്തമാക്കുമോ : | (എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ (2008-09 മുതൽ 2012-13 വരെ) 19,17,17,374/- രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക ഓരോ വർഷവും ചെലവഴിച്ചതിന്റെയും, ചെലവഴിച്ച് ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും 5,21,04,326/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4,46,29,293/- രൂപ നദീതീര വികസന പദ്ധതികൾക്കും 74,75,033/- രൂപ അനധികൃത മണൽ ഖനനവും കടത്തും തടയുന്നതിനുള്ള സ്ക്വാഡിന്റെ ആവശ്യാർത്ഥം വാടകയ്ക്ക് എടുത്ത വാഹന വാടക, പിടികൂടിയ മണൽ താലൂക്ക് ഓഫീസിൽ എത്തിക്കുന്നതിന് തഹസീൽദാർ മാർക്ക് ചെലവായ തുക, കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം ചെയ്ത തുക, ജില്ലാ വിദഗ്ധ സമിതി യോഗനടപടികൾക്കാവശ്യമായ തുക, അനൗദ്യോഗികാംഗങ്ങളുടെ യാത്രാബത്ത, മണൽ പാസ് അച്ചടിച്ചതിന്റെ ചെലവ്, മണൽ ഓഡിറ്റിന് ആവശ്യമായ തുക, സർക്കാർ ഉത്തരവ് പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഒരു വാഹനം വാങ്ങിയതിനാവശ്യ മായ തുക, ടി വാഹനത്തിന്റെ ഇന്ധനം, ഡ്രൈവറുടെ ദിവസ വേതനം, റിപ്പയർ ആന്റ് |

| | | | |
|---|---|---|---|
| | | | മെയിന്റനൻസ് എന്നിവക്കായും ചെലവഴിച്ചിട്ടുണ്ട്. ഓരോ വർഷത്തെയും ചെലവിനങ്ങളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | റിവർ മാനേജ്മെന്റ് ഫണ്ടു വിനിയോഗത്തിലെ അപാകതകളുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (സി) | ലഭിച്ചിട്ടില്ല. |
| (ഡി) | ഉണ്ടെങ്കിൽ, പരാതി സംബന്ധിച്ച വിശദാംശവും സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്